# രാമായണമാസാചരണത്തിന്റെ മാഹാത്മ്യം



എല്ലാ ആകുലതകളിൽനിന്നും രക്ഷ നേടാനുള്ള ഉപാധിയായിട്ടാണ് രാമനാമജപത്തെ നാം കാണുന്നത്. രാമായണമാസാചരണത്തിലൂടെ ആണ് ആ ലക്ഷ്യം നിറവേറിവരുന്നതും. അതിനുവേണ്ടി ക്ഷേത്രങ്ങളിലും ഹൈന്ദവഭവനങ്ങളിലും എല്ലാ വർഷവും ഇത് യഥാവിധി ആചരിച്ചുവന്നിരുന്നു.

കോവിഡ് 19 നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടി വന്നതിനാൽ കഴിഞ്ഞ വർഷങ്ങളിൽ എൻ.എസ്.എസ്സിന്റെ ആഹ്വാനം അനുസരിച്ച് എല്ലാ കരയോഗഭവനങ്ങളിലും രാമായണമാസാചരണം ഭക്തിനിർഭരമായി അനുഷ്ഠിച്ചിരുന്നു. മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും കരയോഗഭവനങ്ങളിൽ രാമായണമാസാചരണം നടത്തേണ്ടതാണ്.

ഹൈന്ദവരുടെ ആദ്ധ്യാത്മികബോധത്തിന്റെ പൂർണ്ണസ്വരൂപമാണ് തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട്. ഭക്തഹൃദയത്തെ ഇത്രമാത്രം സ്വാധീനിച്ച മറ്റൊരു ഗ്രന്ഥവും വേറെ ഇല്ല എന്നുതന്നെ പറയാം. നിത്യപാരായണത്തിനുള്ളതായിരുന്നു രാമായണം. ഹൈന്ദവനെ സംബന്ധിച്ചിടത്തോളം അവന്റെ ആദ്ധ്യാത്മികവും ലൗകികവുമായ ജീവിതത്തിന് മാർഗ്ഗദർശനം നല്കിയിരുന്നത് രാമായണമായിരുന്നു. രാമായണകഥാപാത്രങ്ങളെ മാതൃകയാക്കി ജീവിതം ചിട്ടപ്പെടുത്താനുള്ള പരിശീലനമാണ് അവന് ലഭിച്ചിരുന്നത്. എഴുത്തും വായനയും അറിയാത്തവർപോലും രാമകഥ പറഞ്ഞുകേട്ടിരുന്നു. കേട്ട കഥകൾ പാടിപ്പുകഴ്ത്തിയിരുന്നു.

നായർസമുദായത്തെ സംബന്ധിച്ചിടത്തോളം രാജ്യസംരക്ഷണം, കൃഷി, എഴുത്തുകളരികളുടെ നടത്തിപ്പ് - ഇത് മൂന്നുമായിരുന്നു കർമ്മമാർഗ്ഗം. എഴുത്തുകളരികൾ നടത്തിയിരുന്നവർ ഗ്രന്ഥപ്പുര സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധവച്ചിരുന്നു. സമൂഹത്തിലെ തൊണ്ണൂറുശതമാനം പേരും അക്ഷരഹീനരായി കഴിഞ്ഞ കാലഘട്ടത്തിലും നായർസമുദായാംഗങ്ങളിൽ ബഹുഭൂരിപക്ഷവും അക്ഷരജ്ഞാനം നേടിയിരുന്നു. എഴുത്തച്ഛൻ മലയാളിക്കു വരദാനമായി നല്കിയ നിധിശേഖരത്തിന്റെ സൂക്ഷിപ്പുകാരും നായർതറവാടുകളിലെ കാരണവന്മാർതന്നെ ആയിരുന്നു. കടലാസും അച്ചടിയും പ്രചാരത്തിൽ വരാതിരുന്ന കാലത്ത് താളിയോലകളിൽ രാമായണത്തിന്റെ പുതിയ പകർപ്പ് തയാറാക്കാൻ അവർ ശ്രദ്ധിച്ചിരുന്നു. രാമായണോപാസനയിൽനിന്നും ചൈതന്യം ലഭിച്ചിരുന്നതിനാൽ എഴുത്തച്ഛനെ സ്വന്തം തറവാട്ടുകാരണവരായിട്ടാണ് നായർസമുദായാംഗങ്ങൾ കരുതിയിരുന്നത്.

താളിയോലകളുടെ കാലം കഴിഞ്ഞ് കടലാസിന്റെയും അച്ചടിയുടെയും കാലം ആയപ്പോൾ പുസ്തകപ്രസാധകരും രംഗത്തുവന്നു. അവർ രാമായണത്തിന്റെ ലക്ഷക്കണക്കിനു പ്രതികൾ അച്ചടിച്ചുപ്രസിദ്ധീകരിച്ചതോടുകൂടി വളരെ കുറച്ചു കുടുംബങ്ങളിൽമാത്രം ഉണ്ടായിരുന്ന രാമായണ ഗ്രന്ഥം മിക്കവാറും കുടുംബങ്ങളിൽ എത്തിച്ചേർന്നു. നാൾക്കുനാൾ ഇതിന്റെ പ്രസക്തി വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് നായർ സർവീസ് സൊസൈറ്റിയുടേതായി രാമായണം പ്രസിദ്ധീകരിക്കാൻ ഇടയായത്.